എ.വൈ.ആർ

## സത്യസന്ധമായ വിശ്വാസം കൊണ്ടും കർമം കൊണ്ടും അർഹത തെളിയിക്കുന്നവരെ അല്ലാഹു ഭൂമിയിൽ തന്റെ പ്രതിനിധികളാക്കുന്നു.



وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ
فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ
الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِي
لَا يُشْرِكُونَ بِي شَيْئًا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ
الْفَاسِقُونَ ﴿٥٥﴾

**55.** നിങ്ങളിൽ യഥാർഥത്തിൽ സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു: അവരെ ഭൂമിയിൽ പ്രതിനിധികളാക്കുന്നതാകുന്നു; അവർക്കു മുമ്പുണ്ടായിരുന്ന സത്യവിശ്വാസികളെ പ്രതിനിധികളാക്കിയതുപോലെ. അല്ലാഹു അവർക്കു തൃപ്തിപ്പെട്ടരുളിയ ധർമം സ്ഥാപിച്ചുകൊടുക്കുന്നതുമാകുന്നു. അവരുടെ ഇപ്പോഴത്തെ അരക്ഷിതാവസ്ഥയെ സുരക്ഷിതാവസ്ഥയാക്കി മാറ്റുകയും ചെയ്യും. അവർ എനിക്കു മാത്രം വഴിപ്പെട്ടുവാഴുന്നവരായിരിക്കും. യാതൊന്നിനെയും എന്റെ പങ്കാളിയാക്കാതെ. അതിനുശേഷം വല്ലവരും സത്യധർമങ്ങൾ നിഷേധിച്ചുവെങ്കിൽ അക്കൂട്ടർ പാപികൾ തന്നെയാകുന്നു.

**55**

وَعَدَ اللَّهُ = അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു
الَّذِينَ آمَنُوا مِنكُمْ = നിങ്ങളിൽ (യഥാർഥത്തിൽ) സത്യവിശ്വാസം കൈക്കൊ(ള്ളുകയും)ണ്ടവർക്ക്
وَعَمِلُوا الصَّالِحَاتِ= സൽക്കർമങ്ങളനുഷ്ഠിച്ചവർക്കും(അനുഷ്ഠിക്കുകയും ചെയ്തവർക്ക്)
لَيَسْتَخْلِفَنَّهُمْ= തീർച്ചയായും അവരെ അവൻ പ്രതിനിധികളാക്കും   فِي الْأَرْضِ = ഭൂമിയിൽ
كَمَا اسْتَخْلَفَ= പ്രതിനിധികളാക്കിയതുപോലെ   الَّذِينَ مِن قَبْلِهِمْ = അവർക്കു മുമ്പുണ്ടായിരുന്നവരെ (സത്യവിശ്വാസികളെ)
وَلَيُمَكِّنَنَّ لَهُمْ = അവർക്ക് അവൻ അധികാരത്തോടെ സൗകര്യപ്പെടുത്തി(സ്ഥാപിച്ചു)കൊടുക്കുന്നതുമാകുന്നു
دِينَهُمُ= അവരുടെ മതം (ധർമം)   الَّذِي ارْتَضَىٰ لَهُمْ = അവൻ അവർക്ക് തൃപ്തിപ്പെട്ടരുളിയ
وَلَيُبَدِّلَنَّهُم= അവരെ(വരുടെ അവസ്ഥയെ) മാറ്റുകയും ചെയ്യും
مِن بَعْدِ خَوْفِهِمْ = അവരുടെ ഭയത്തിനുശേഷം (ഇപ്പോഴത്തെ അരക്ഷിതാവസ്ഥയെ)   أَمْنًا = നിർഭയത്വമാ(സുരക്ഷിതാവസ്ഥയാ)ക്കി
يَعْبُدُونَنِي= അവർ എനിക്ക് ഇബാദത്ത് ചെയ്യും (എനിക്കു മാത്രം വഴിപ്പെട്ടുവാഴും)
لَا يُشْرِكُونَ بِي شَيْئًا= യാതൊന്നിനെയും എന്റെ പങ്കാളിയാക്കാതെ
وَمَن كَفَرَ بَعْدَ ذَٰلِكَ = അതിനുശേഷം വല്ലവരും (സത്യധർമങ്ങൾ) നിഷേധിച്ചുവെങ്കിൽ
فَأُولَٰئِكَ هُمُ الْفَاسِقُونَ = അക്കൂട്ടർ പാപികൾ തന്നെയാകുന്നു

കഴിഞ്ഞ ഏതാനും സൂക്തങ്ങൾ സംസാരിച്ചത് കപടവിശ്വാസികളെയും വിശ്വാസം ജീവിതചര്യകളെ സ്വാധീനിക്കാൻ മാത്രം ദൃഢമല്ലാത്ത ദുർബല വിശ്വാസികളെയും മുന്നിൽനിർത്തിക്കൊണ്ടായിരുന്നു. ഞങ്ങളും സത്യവിശ്വാസികളാണെന്നവകാശപ്പെട്ടതുകൊണ്ടോ, പ്രവാചകൻ കൽപിച്ചാൽ എന്തും ചെയ്യാൻ തയാറാണെന്ന് വെറുതെ പ്രതിജ്ഞ ചെയ്തതുകൊണ്ടോ കാര്യമില്ല. യഥാർഥത്തിൽ സത്യവിശ്വാസികളാകണമെങ്കിൽ വിശ്വാസതത്ത്വങ്ങളും നിയമങ്ങളും ജീവിതം കൊണ്ട് സാക്ഷാത്കരിക്കേണ്ടതുണ്ട്. പ്രവാചകനിലൂടെ അല്ലാഹു അവതരിപ്പിച്ച വിധിവിലക്കുകൾ അനുസരിക്കുന്നതിലൂടെ മാത്രമേ അതു സാധ്യമാകൂ. ദൈവിക സന്ദേശം പ്രബോധനം ചെയ്യുകയും അതനുസരിച്ച് ജീവിച്ചുകാണിക്കുകയും ചെയ്യുക എന്നതാണ് പ്രവാചകന്റെ ദൗത്യം. അദ്ദേഹത്തെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുക നിങ്ങളുടെ ഇഷ്ടമാണ്. സന്മാർഗം പ്രാപിക്കാൻ പ്രവാചകനെ അനുസരിക്കുകയല്ലാതെ മറ്റു മാർഗമൊന്നുമില്ല. ഈ സൂറഃ അവതരിക്കുന്ന കാലത്ത് മദീനയിൽ കപടവിശ്വാസികളും ദുർബല വിശ്വാസികളും ഏറെയുണ്ടായിരുന്നു. ഇന്നല്ലെങ്കിൽ നാളെ തങ്ങൾ ശക്തി നേടി പ്രവാചകനെയും സഖാക്കളെയും മദീനയിൽനിന്ന് പുറത്താക്കും, അതിന് യഹൂദരും മദീനക്കു പുറത്തുള്ള അവിശ്വാസികളായ അറബ് ഗോത്രങ്ങളും തങ്ങളെ സഹായിക്കും എന്ന് പ്രതീക്ഷിച്ചുകൊണ്ട് അകത്തുനിന്ന് മുസ്‌ലിം സമൂഹത്തിന്റെ കെട്ടുറപ്പ് തകർക്കാൻ അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ഈ സൂറഃ അവതരിക്കുന്ന ഘട്ടത്തിൽ നടന്ന ബനുൽ മുസ്ത്വലിഖ് യുദ്ധ യാത്രയും തുടർന്ന് കപടന്മാർ നടത്തിയ അപവാദ പ്രചാരണവുമെല്ലാം അതിന്റെ ഭാഗമായിരുന്നു. ഏകദൈവത്തിലും പ്രവാചകത്വത്തിലും വിശ്വാസമുണ്ടെങ്കിലും ഈ പ്രസ്ഥാനം വിജയിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ അതിനു വേണ്ടി ജീവിതം സമർപ്പിക്കാൻ മടിച്ചവരാണ് ദുർബലവിശ്വാസികൾ. കപടന്മാർ സൃഷ്ടിക്കുന്ന ആഭ്യന്തര സംഘർഷങ്ങളുടെയും അറേബ്യൻ ഗോത്രങ്ങളുയർത്തുന്ന ആക്രമണ ഭീഷണികളുടെയും നിഴലിലായിരുന്നു അന്ന് മുസ്‌ലിംകൾ. ഏതു നിമിഷവും അറബ് ഗോത്രങ്ങൾ ഒറ്റക്കെട്ടായി മദീനയെ ആക്രമിക്കാനുള്ള സാധ്യത അവരെ വല്ലാതെ ഭയപ്പെടുത്തിയിരുന്നു. അതേപ്പറ്റി ഉബയ്യുബ്നു കഅ്ബ് പ്രസ്താവിച്ചതായി ത്വബറാനി ഉദ്ധരിക്കുന്നു: ''റസൂലും (സ) സഖാക്കളും മദീനയിലെത്തുകയും അൻസ്വാറുകൾ അവർക്ക് അഭയം നൽകുകയും ചെയ്തപ്പോൾ അറബികൾ അവർക്കെതിരെ ഒറ്റക്കെട്ടായി. അന്ന് ആയുധം തലയണയാക്കിയല്ലാതെ മുസ്‌ലിംകൾക്ക് ഉറങ്ങാനോ ആയുധം കൈയിലെടുത്തല്ലാതെ ഉണരാനോ കഴിയുമായിരുന്നില്ല. അവർ പറയുമായിരുന്നു; അല്ലാഹുവിനെയല്ലാതെ മറ്റാരെയും പേടിക്കാതെ നിർഭയരായി സമാധാനത്തോടെ ഉറങ്ങാനാകുന്ന ഒരു ജീവിതം നമുക്കുണ്ടാകുമോ? ഈ സന്ദർഭത്തിലാണ് وَعَدَ اللَّهُ... എന്ന സൂക്തം അവതരിച്ചത്.''

ഇമാം അബുൽ ആലിയ പറയുന്നു: ''പ്രവാചകത്വം ലഭിച്ച ശേഷം നബി(സ)യും സഖാക്കളും പത്തു വർഷക്കാലം മക്കയിൽ ഭയന്നുകഴിഞ്ഞു. അനന്തരം മദീനയിലേക്ക് പലായനം ചെയ്യാൻ കൽപ്പിക്കപ്പെട്ടു. അവിടെയും അവർ ഭീതിതരായിരുന്നു. ആയുധവുമായിട്ടായിരുന്നു ഉറങ്ങിയിരുന്നതും ഉണർന്നിരുന്നതും. ഒരാൾ അവിടുത്തോട് ചോദിച്ചു: 'ദൈവദൂതരേ, നമ്മൾ നിർഭയരാവുകയും ആയുധം താഴെ വെക്കുകയും ചെയ്യുന്ന ഒരു നാൾ നമുക്ക് വരികയില്ലേ?' റസൂൽ പറഞ്ഞു: 'കുറച്ചുകാലം കൂടിയേ നിങ്ങൾ ഇങ്ങനെ കഴിയേണ്ടിവരൂ. പിന്നെ നിങ്ങളിലൊരുവൻ പ്രമാണിമാരുടെ മഹാസദസ്സിൽ ശിരോവസ്ത്രം പുതച്ച് ഒരു ലോഹവും ധരിക്കാതെ ഉപവിഷ്ടനാകും.' തുടർന്ന് ഈ സൂക്തം അവതരിക്കുകയും ചെയ്തു.'' ഇസ്‌ലാമിലെ ഖിലാഫത്ത് വ്യവസ്ഥയുടെ അടിസ്ഥാന പ്രമാണമാണിത്. പ്രവാചകനു ശേഷം ഇസ്‌ലാമിക സാമൂഹിക സംവിധാനം ഖിലാഫത്ത് എന്നും അതിന്റെ നേതൃത്വം ഖുലഫാഅ് എന്നും വിളിക്കപ്പെട്ടതിനാധാരം ഈ സൂക്തത്തിലെ اسْتَخْلَفَ എന്ന പദപ്രയോഗമാണ്.

വിശ്വാസികൾക്കുള്ള വിജയവാഗ്ദാനവും ആ വാഗ്ദാനം നിറവേറുന്നതിനും നിലനിൽക്കുന്നതിനുമുള്ള ഉപാധികളും നഷ്ടപ്പെടാനിടയാകുന്ന കാരണങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ സൂക്തം. സത്യവിശ്വാസികൾ ഇപ്പോൾ നേരിടുന്ന അരക്ഷിതാവസ്ഥയും ഭീഷണികളും എന്നെന്നും നിലനിൽക്കാൻ പോകുന്നില്ല. ഈ പ്രതിസന്ധികളെയെല്ലാം മറികടന്ന് അല്ലാഹു അവരെ ഭൂമിയിൽ അവന്റെ പ്രതിനിധികളായി വാഴിക്കുക തന്നെ ചെയ്യും. ഇതുപോലുള്ള പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ടാണ് പൂർവപ്രവാചകന്മാരുടെ സമുദായങ്ങൾ ഭൂമിയിൽ പ്രതിനിധികളായി വാഴിക്കപ്പെട്ടിട്ടുള്ളത്. നൂഹ് (അ) 950 സംവത്സരങ്ങൾ പ്രബോധനം ചെയ്തിട്ടും തുഛം പേരേ അദ്ദേഹത്തെ അനുഗമിക്കാനുണ്ടായുള്ളൂ. ശിഷ്ടജനങ്ങളൊന്നടങ്കം അദ്ദേഹത്തെ നിഷേധിക്കുകയും പരിഹസിക്കുകയുമായിരുന്നു. പക്ഷേ അവരൊക്കെയും നശിച്ചുപോയി. നൂഹ് നബിയിൽ വിശ്വസിച്ചവർ അത്ഭുതകരമായി രക്ഷപ്പെട്ടു. തുടർന്ന് അവർ മാത്രമായിത്തീർന്നു ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികൾ. മൂസാ പ്രവാചകനും ഏറെ പ്രയാസങ്ങളും പ്രതിസന്ധികളും നേരിടുകയുണ്ടായി. അദ്ദേഹത്തിന്റെ സമുദായമൊന്നടങ്കം ഒരു രാത്രി രാജ്യം വിട്ടോടേണ്ടിവന്നു. അവർ നാൽപ്പതാണ്ടുകൾ മരുഭൂമിയിൽ അലഞ്ഞുനടന്നു. ഒടുവിൽ ആ സമുദായം ശത്രുക്കളെ പരാജയപ്പെടുത്തുകയും അനുഗൃഹീതമായ ഒരു രാജ്യത്ത് അല്ലാഹുവിന്റെ പ്രതിനിധികളായി വാഴുകയും ചെയ്തു. ഈസാ നബിയിലും വളരെ കുറച്ചാളുകളേ ആദ്യകാലത്ത് വിശ്വസിച്ചുള്ളൂ. അദ്ദേഹത്തിനു ശേഷം ആ ഒരുപിടി ശിഷ്യന്മാരിലൂടെ അദ്ദേഹം പ്രബോധനം ചെയ്ത ദൈവിക സന്ദേശം ലോകമെങ്ങും പരന്നു. ഒടുവിൽ അദ്ദേഹത്തെ വധിക്കാൻ വിധിച്ച റോമാ സാമ്രാജ്യം തന്നെ അദ്ദേഹത്തിന്റെ ശിഷ്യന്മാരായി മാറി. ഇതുപോലെ മുഹമ്മദീയ സമുദായത്തെയും അല്ലാഹു ഇന്നല്ലെങ്കിൽ നാളെ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാക്കുമെന്ന് ഇതാ വാഗ്ദത്തം ചെയ്യുന്നു. സത്യവിശ്വാസികൾക്ക് അല്ലാഹു വിജയസൗഭാഗ്യങ്ങൾ തളികയിൽവെച്ച് ആകാശത്തുനിന്ന് ഇറക്കിക്കൊടുക്കാറില്ല. തങ്ങൾ അർഹരാണെന്ന് സ്വയം തെളിയിക്കുമ്പോൾ അതവർക്ക് ലഭിച്ചുകൊള്ളും. അർഹത തെളിയിക്കേണ്ടത് അവകാശവാദങ്ങളിലൂടെയും പൊള്ളയായ പ്രതിജ്ഞകളിലൂടെയുമല്ല. പ്രത്യുത, വിശ്വാസദാർഢ്യത്തിലൂടെയും സൽക്കർമങ്ങളിലൂടെയും വിശ്വാസതത്ത്വ

ങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പ്രയത്നങ്ങളിലൂടെയും സമരങ്ങളിലൂടെയുമാണ്.

أَحَسِبَ النَّاسُ أَنْ يُتْرَكُوا أَنْ يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا الَّذِينَ مِنْ قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ ﴿٣﴾

(ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നവകാശപ്പെട്ടതുകൊണ്ടുമാത്രം വിട്ടയക്കപ്പെടുമെന്ന് ആളുകൾ വിചാരിക്കുന്നുവോ, അവർ പരീക്ഷിക്കപ്പെടാതെ. അവർക്കു മുമ്പുണ്ടായിരുന്ന വിശ്വാസികളെ തീർച്ചയായും നാം പരീക്ഷിച്ചിരിക്കുന്നു. സത്യം പറയുന്നവരാരെന്നും കള്ളം പറയുന്നവരാരെന്നും അല്ലാഹുവിനു കണ്ടറിയുകതന്നെ വേണം-29:2,3). എല്ലാ കാലത്തുമുള്ള വിശ്വാസികൾക്കും പ്രബോധകർക്കും ബാധകമാണിത്. പ്രയാസങ്ങളും പ്രതിസന്ധികളും, വിജയം അർഹിക്കുന്നുവോ ഇല്ലയോ എന്നു തെളിയിക്കാനുള്ള പരീക്ഷണം കൂടിയാണ്. പരീക്ഷണങ്ങളെ നേരിടാൻ തയാറില്ലാത്തവരും നേരിടുന്നതിൽ അക്ഷന്തവ്യമായ വീഴ്ച പറ്റുന്നവരും വിജയസോപാനം പ്രാപിക്കാനർഹരാകുന്നില്ല. പണ്ടും ഇന്നും പ്രബോധന പ്രസ്ഥാനങ്ങൾ പരാജയപ്പെടുന്നതിന്റെ അടിസ്ഥാന കാരണമിതാണ്. സത്യസന്ധമായ ഈമാനും സൽക്കർമവുമാണ് ഇവിടെ ഖിലാഫത്തിന്റെ മുഖ്യ ഉപാധികളായി പരാമർശിച്ചിരിക്കുന്നത്. സത്യസന്ധമായ വിശ്വാസത്തിന്റെ ഉൽപന്നമാണ് സൽക്കർമങ്ങൾ. സൽക്കർമത്തിന്റെ ഭാഗമാണ് പ്രയാസങ്ങളെയും പ്രതിസന്ധികളെയും ക്ഷമയോടെ ധീരമായി തരണം ചെയ്യുകയും പ്രതിലോമശക്തികളോട് സമരത്തിലേർപ്പെടുകയും ചെയ്യുക എന്നത്.

സത്യസന്ധമായ വിശ്വാസം കൊണ്ടും കർമം കൊണ്ടും അർഹത തെളിയിക്കുന്നവരെ അല്ലാഹു ഭൂമിയിൽ തന്റെ പ്രതിനിധികളാക്കുന്നു. لَيَسْتَخْلِفَنَّهُمْ എന്ന മൂലവാക്യം خلافة -ൽനിന്നുള്ളതാണ്. പ്രാതിനിധ്യമാണ് خلافة . പ്രതിനിധിയാക്കി നിശ്ചയിക്കുകയാണ് استخلاف . *അൽബഖറ* 30, *അൽ അൻആം* 165 സൂക്തങ്ങൾക്കു താഴെ خلافة -ന്റെ ആശയം വിശദീകരിച്ചിട്ടുണ്ട്. ഇവിടെ വിവക്ഷിക്കുന്ന استخلاف -ന്റെ വിശദീകരണമാണ് وَلَيُمَكِّنَنَّ.....خَوْفِهِمْ أَمْنًا എന്ന വാക്യം. مكّن യുടെ ഭാവികാല വചനമാണ് يمكّن . *ഖുർആൻ ബോധനം അൽ അൻആം* 6, *അൽ അഅ്റാഫ്* 7, *യൂസുഫ്* 56, *അൽ ഹജ്ജ്* 41 സൂക്തങ്ങൾക്ക് താഴെ مكّن യുടെ അർഥം വിശദീകരിച്ചിരിക്കുന്നു. സമാധാനവും സുരക്ഷിതത്വവുമാണ് امن . സമൂഹം പ്രബലവും വിഭവസമൃദ്ധവുമാകുമ്പോഴാണ് امن ഉണ്ടാകുന്നത്. ഭയാവസ്ഥക്കു ശേഷം-مِنْ بَعْدِ خَوْفِهِمْ -എന്ന വാക്യം വിശ്വാസികൾ വിജയിക്കുന്നതിനു മുമ്പ് പീഡനങ്ങളും ഭീഷണികളും നേരിടേണ്ടതുണ്ട് എന്ന് സൂചിപ്പിക്കുന്നു. മൊത്തത്തിൽ ഈ സൂക്തത്തിലൂടെ അല്ലാഹു യഥാർഥ സത്യവിശ്വാസികൾക്കും സൽക്കർമികൾക്കും നൽകുന്ന വാഗ്ദാനമിതാണ്: സത്യവിശ്വാസികൾ ആദ്യഘട്ടങ്ങളിൽ പീഡനങ്ങളും പരിഹാസങ്ങളും ഭീഷണികളും നേരിടേണ്ടിവരും. എന്നാൽ ആ അവസ്ഥ ശാശ്വതമല്ല. ഭൂമിയിൽ അല്ലാഹുവിന്റെ പ്രാതിനിധ്യം ഏറ്റെടുക്കാനുള്ള പ്രയാണത്തിന്റെ ഭാഗമാണത്. പ്രയാണം പൂർത്തിയാകുമ്പോൾ അവർ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളായി നിശ്ചയിക്കപ്പെടുകതന്നെ ചെയ്യും. ചരിത്രം അതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. അല്ലാഹു മനുഷ്യർക്കായി അരുളിയ ധർമതത്ത്വങ്ങളും നിയമക്രമവും പ്രാവർത്തികമാക്കുകയാണ് പ്രതിനിധികളുടെ ദൗത്യം. അതിനു സാമൂഹിക സംവിധാനത്തിന്റെ നിയന്ത്രണവും വിഭവങ്ങളുടെ കൈകാര്യവും അവർക്ക് ഏൽപ്പിച്ചുകൊടുക്കും. അവരുടെ അരക്ഷിതാവസ്ഥയും ഭയാശങ്കകളും, സുരക്ഷിതത്വത്തിനും സുഭിക്ഷതക്കും സമാധാനത്തിനും വഴിമാറുകയും ചെയ്യും. അങ്ങനെ അല്ലാഹുവിനെ മാത്രം ഭയപ്പെട്ടുകൊണ്ടും ആരാധിച്ചുകൊണ്ടും അനുസരിച്ചുകൊണ്ടും വാഴാൻ കഴിയുന്ന ഒരവസ്ഥയിൽ അവരെത്തിച്ചേരുന്നു. അല്ലാഹുവല്ലാത്ത മറ്റാരെയും അവർ ഭയക്കുകയില്ല. ആരാധനയും വിധേയത്വവും അവനല്ലാത്ത മറ്റാർക്കും പങ്കുവെക്കുകയുമില്ല. ഈ നിലപാട് മുറുകെ പിടിക്കുന്നിടത്തോളം കാലം അവരുടെ പ്രഭാവവും കർതൃത്വവും നിലനിൽക്കും. അത്രത്തോളമേ നിലനിൽക്കൂ. ഭയഭക്തിയും ആരാധനയും അനുസരണവും അല്ലാഹു അല്ലാത്തവർക്ക് പങ്കുവെക്കുന്നത് അല്ലാഹുവിനെ നിരാകരിക്കൽ- كفر -ആണ്. അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും അവന്റെ വിധിവിലക്കുകൾക്കെതിരെ മറ്റു പ്രത്യയശാസ്ത്രങ്ങളും നിയമ വ്യവസ്ഥകളും സ്വീകരിക്കുകയും ചെയ്യുന്നവർ അല്ലാഹു അരുളിയ ഖിലാഫത്തിൽനിന്ന്-പ്രാതിനിധ്യത്തിൽനിന്ന്-ഭ്രഷ്ടരാകുന്നു; പൂർവസമുദായങ്ങൾ ഭ്രഷ്ടരായതുപോലെത്തന്നെ. فَأُولَٰئِكَ هُمُ الْفَاسِقُونَ -അവർ ഫാസിഖുകൾ തന്നെയാകുന്നു-എന്നാണ് മൂലവാക്യം. ചുളയിൽനിന്ന് കുരുവെന്നോണം ഒരു വസ്തു അതിന്റെ സ്വാഭാവിക സ്ഥാനത്തുനിന്ന് പുറത്തേക്ക് തെറിക്കുകയാണ് فِسق . ഇതിന്റെ കർതൃവചനമാണ് فاسق . فاسقون ബഹുവചനം. അല്ലാഹുവല്ലാത്തവരെ ആരാധിക്കുകയും അവന്റെ വിധിവിലക്കുകളെ അവഗണിച്ച് ഭൗതികവും നാസ്തികവുമായ നിയമവ്യവസ്ഥകൾ അംഗീകരിക്കുകയും ചെയ്തപ്പോൾ പൂർവസമുദായങ്ങൾ അല്ലാഹു ഏൽപ്പിച്ച ഖിലാഫത്തിൽനിന്ന് തെറിച്ചുപോയതുപോലെ അവരും തെറിച്ചുപോകുമെന്ന് താൽപര്യം. അതിന്റെ ഫലമായി അവർ വീണ്ടും ദുർബലരും നിന്ദിതരുമായിത്തീരും. സമകാലിക മുസ്‌ലിം ലോകം ഈ അവസ്ഥയെ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇസ്‌ലാമിക ഖിലാഫത്ത് അതിന്റെ പൂർണ അർഥത്തിൽ നിലനിന്ന കാലത്ത് ലോകത്തിലെ ഏറ്റവും ശക്തിയും അന്തസ്സുമുള്ള നാഗരിക സമൂഹമായിരുന്നു മുസ്‌ലിംകൾ. കാലക്രമത്തിൽ ഖിലാഫത്തിനു നേതൃത്വം നൽകുന്നവർ യഥാർഥ ഖിലാഫത്തിൽനിന്ന് വ്യതിചലിച്ചുതുടങ്ങി. അതോടെ അവരുടെ ശക്തിയുടെയും പ്രതാപത്തിന്റെയും ക്ഷയവും ആരംഭിച്ചു. ഒടുവിൽ നാമമാത്ര ഖിലാഫത്ത് പോലും നിഷ്കാസിതമായി. ഇന്ന് ലോകജനതയിൽ നാലിലൊന്നോളം മുസ്‌ലിംകളാണ്. അമ്പതിലധികം രാഷ്ട്രങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളായി അറിയപ്പെടുന്നു. വിഭവങ്ങളുടെ കാര്യത്തിൽ ഈ രാഷ്ട്രങ്ങൾ പിന്നാക്കമല്ല. പ്രത്യേകിച്ച് ലോകത്തെ ചലിപ്പിക്കുന്ന ഇന്ധനത്തിന്റെ വൻശേഖരമാണ് അവരുടെ കൈവശമുള്ളത്. എന്നിട്ടും ആധുനിക ആഗോള വ്യവസ്ഥയിൽ അവർക്ക് യാതൊരു സ്വാധീനവുമില്ല. ഏതാണ്ടെല്ലാ രാജ്യങ്ങളുടെയും അധികാരത്തിന്റെയും വിഭവങ്ങളുടെയും കടിഞ്ഞാൺ വിദേശശക്തികളുടെ കരങ്ങളിലാണ്. അവർ

നിയോഗിക്കുന്നവർ അവരുടെ താൽപര്യത്തിനൊത്ത് രാജ്യങ്ങൾ ഭരിക്കുന്നു. അവരാഗ്രഹിക്കുമ്പോൾ മുസ്‌ലിം രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്യുന്നു. ഇന്ന് ലോകത്തിലെ ഏറ്റവും ദുർബലവും ശിഥിലവും അരക്ഷിതവുമായ സമൂഹമാണ് മുസ്‌ലിംകൾ. ഭീകര വിധ്വംസനങ്ങളുടെ വിളനിലമായിരിക്കുന്നു മുസ്‌ലിം നാടുകൾ. വംശീയ സംഘട്ടനങ്ങൾ, ഗോത്ര സംഘട്ടനങ്ങൾ, മതവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ. പല ഭീകരസംഘങ്ങളും ഇസ്‌ലാമിന്റെ പദാവലികളും ചിഹ്നങ്ങളും ഉപയോഗിക്കുന്നതുകൊണ്ട് ഭീകര പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിന്റെ മുദ്ര ചാർത്തപ്പെടുന്നു. അങ്ങനെ ലോകത്ത് നീതിയും സമാധാനവും സ്ഥാപിക്കാൻ ആഗതമായ ദീനുൽ ഇസ്‌ലാം തന്നെ അശാന്തിയുടെയും അക്രമത്തിന്റെയും കലവറയായി തെറ്റിദ്ധരിക്കുകയോ തെറ്റിദ്ധരിപ്പിക്കപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുന്നു.

മുസ്‌ലിം സമൂഹത്തിന്റെ ഇന്നത്തെ ദുരവസ്ഥക്ക് കാലികമായ നിരവധി കാരണങ്ങളും പരിഹാരങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അവയിലെല്ലാം അടിസ്ഥാനപരമായ കാരണങ്ങളും പരിഹാരങ്ങളും വിസ്മൃതമാകുന്നു എന്നതാണ് വാസ്തവം. അല്ലാഹു ഏൽപിച്ച ഖിലാഫത്തിൽനിന്നും അതിന്റെ ചുമതലകളിൽനിന്നും പുറത്തുകടന്നു എന്നതാണ് യഥാർഥ കാരണം. ഖിലാഫത്ത് ഏറ്റെടുക്കാനും അതിന്റെ ചുമതലകൾ നിർവഹിക്കാനും തയാറാവുകയാണ് പരിഹാരം. ഇത് എളുപ്പമുള്ള കാര്യമല്ല. കഠിനപ്രയത്നവും നിരന്തര സമരവും കൂടിയേ തീരൂ. അതിനും മുമ്പേ വേണ്ടതാണ് സത്യസന്ധമായ ഈമാനും സൽക്കർമവും. ഈ അടിസ്ഥാന യോഗ്യതകൾ ഏറെ ക്ഷയിച്ചു പോയിരിക്കുന്നു. ആ ക്ഷയത്തെക്കുറിച്ച് സമുദായം പൊതുവിൽ ബോധവാന്മാരല്ല. അധിക ജനവും ഏറെ പ്രാധാന്യം കൽപ്പിക്കുന്നത് ദേശീയ പാരമ്പര്യങ്ങൾക്കും വംശീയതക്കും അവരവർക്ക് കൗതുകം തോന്നുന്ന ഭൗതിക-നിർമത പ്രത്യയശാസ്ത്രങ്ങൾക്കുമാണ്. അല്ലാഹു അനുശാസിച്ച ധർമങ്ങളും വിധിവിലക്കുകളും, പഴഞ്ചനും അപ്രായോഗികവുമാണെന്നും കരുതുന്നു. മറ്റു സമൂഹങ്ങളെല്ലാം ശക്തിയും പുരോഗതിയും പ്രാപിച്ചതു മതത്തെ നിരാകരിക്കുകയോ സ്വകാര്യജീവിതത്തിലൊതുക്കുകയോ ചെയ്തുകൊണ്ട് സാമൂഹികജീവിതം നിർമത-ഭൗതിക പ്രത്യയശാസ്ത്രങ്ങളിലും നിയമവ്യവസ്ഥകളിലും കെട്ടിപ്പടുത്തപ്പോഴാണെന്നു കണ്ട് തങ്ങളുടെയും സന്മാർഗം അതുതന്നെയാണെന്നു വിചാരിക്കുന്നു. മറ്റു മതവിഭാഗങ്ങൾ മതത്തെ സാമൂഹിക ജീവിതത്തിൽനിന്നകറ്റിനിർത്തിയപ്പോൾ കൂടുതൽ പുരോഗമിച്ചു എന്നതു ശരിയാണ്. ഇതര മതവിഭാഗങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ആചരിച്ചുവന്നത് ദൈവിക ദീൻ ആയിരുന്നില്ല എന്ന സത്യം അവർ വിസ്മരിക്കുന്നു. എത്രയോ മുമ്പു തന്നെ അവർ ദൈവികദീനിൽനിന്ന് വ്യതിചലിക്കുകയും സ്വയംകൃതമായ കൃത്രിമ ദീനുകളുടെ അനുകർത്താക്കളാവുകയും ചെയ്തിരുന്നു. തങ്ങൾ ആചരിച്ചിരുന്ന കൃത്രിമ ദീനിനെയാണ് യഥാർഥത്തിൽ അവർ ജീവിതത്തിൽനിന്ന് നിഷ്കാസനം ചെയ്തത്. മുസ്‌ലിംകളുടെ കൈവശമുണ്ടായിരുന്നത് ദൈവിക ദീനും അതിന്റെ ശരീഅത്തുമാണ്. മറ്റുള്ളവർ സ്വന്തം ചുമലിൽ സ്വയം കെട്ടിവെച്ച ജാഹിലിയ്യത്തിന്റെ ഭാണ്ഡത്തിൽനിന്ന് ഒരു ഭാഗം എറിഞ്ഞുകളഞ്ഞപ്പോൾ അവർക്ക് അത്രത്തോളം ആശ്വാസം ലഭിച്ചു. അതുകണ്ട് മുസ്‌ലിംകൾ വലിച്ചെറിയുന്നത് അവരുടെ കൈവശമുള്ള സത്യത്തിന്റെയും ധർമത്തിന്റെയും നിധിയാണ്. രണ്ടു നടപടികളുടെയും ഫലം വിപരീതമാവുക സ്വാഭാവികം. അതുകൊണ്ടാണ് ഇതര ജനതകൾ അവരുടെ മതങ്ങളും മതനിയമങ്ങളും വർജിക്കുന്ന മുറക്ക് പുരോഗമിക്കുകയും മുസ്‌ലിംകൾ സ്വന്തം മതതത്ത്വങ്ങളും നിയമങ്ങളും വർജിക്കുന്ന മുറക്ക് അധഃപതിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്.

وَمَنْ كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ എന്ന വാക്യത്തെ ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: വിശ്വാസികൾക്കിത് പ്രയാസത്തിന്റെയും പരീക്ഷണത്തിന്റെയും ഘട്ടമാണ്. അവിശ്വാസികളെ സംബന്ധിച്ചേടത്തോളം പുനരാലോചിക്കാനും സ്വയം വീണ്ടെടുക്കാനുമുള്ള അവസരമാണിത്. അതിനു തയാറാകുന്നില്ലെങ്കിൽ അവർ സന്മാർഗഭ്രഷ്ടരും പാപികളും തന്നെയാണെന്ന് സ്ഥിരപ്പെടും. പാപികളാണെന്ന് സ്ഥിരപ്പെടുകയെന്നാൽ ഉദ്ദേശ്യം അതിന്റെ അനിവാര്യഫലമായ ശാശ്വത ശിക്ഷക്കു വിധേയരാവുക എന്നാണ്. ആശയതലത്തിൽ ഈ വ്യാഖ്യാനവും ശരിയാണെങ്കിലും സൂക്തത്തിന്റെ പൂർവപക്ഷാശയങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ ഉചിതമായത് മുകളിൽ കൊടുത്ത വ്യാഖ്യാനമാണ്. ■